**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്**

**സാന്നിദ്ധ്യം:കെ.വി മോഹൻകുമാർ ഐ.എ.എസ്**

വിഷയം: പൊതു.വിദ്യാ. - ജീവനം - ഹെഡ്മാസ്റ്റർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ സ്ഥലംമാറ്റം- സംബന്ധിച്ച്

വായന:- ഈ ഓഫീസിലെ 02.05.2017 ലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ഡി5/41188/2016/ഡി.പി.ഐ തീയതി 22/06/2017**

ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഡയറ്റ് ലക്ചററായി തുടരുവാൻ അനുവദിച്ച ശ്രീ.കെ യതീഷ്കുമാറിനെ സ്ഥാനമാറ്റം നൽകി വായന (1) പ്രകാരം ജി.വി.എച്ച്.എസ്.എസ് മൊഗ്രാൽ, ഹെഡ്മാസ്റ്ററായി നിയമിച്ചിരുന്നു.

കാസർഗോഡ് ജില്ലയിലെ ജി.എച്ച്.എസ് ഇടനീരിൽ കന്നട ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകരെ മാത്രമേ ഹെഡ്മാസ്റ്ററായി നിയമിക്കുവാൻ നിലവിൽ വ്യവസ്ഥയുള്ളു. ഈ സാഹചര്യത്തിൽ കന്നട മീഡിയം 1-ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡ് വരെ പഠിക്കുകയും കന്നട ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്കൂളുകളിൽ ഹെഡ്മാസ്റ്ററായി നിയമിക്കുവാൻ യോഗ്യനുമായ ജി.വി.എച്ച്.എസ് മൊഗ്രാൽ ഹെഡ്മാസ്റ്ററായ ശ്രീ.കെ.യതീഷ്കുമാറിനെ ഗവൺമെന്റ് എച്ച്.എസ് ഇടനീരിൽ ഹെഡ്മാസ്റ്ററായി സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം

ഡി.സന്തോഷ്കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താക്കൾ

1. ഹെഡ്മാസ്റ്റർ
   ജി.എച്ച്.എസ് ഇടനീർ കാസർഗോഡ്
2. ഹെഡ്മാസ്റ്റർ,
   ഗവൺമെന്റ് വി.എച്ച്.എസ്.എസ്,
   മൊഗ്രാൽ, കാസർഗോഡ്
3. വിദ്യാഭ്യാസ ഉപഡയറക്ടർ, കാസർഗോഡ് (ജി.എച്ച്.എസ് മൊഗ്രാലിലെ സീനിയർ എച്ച്.എസ്.എ ക്ക് ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ ഹെഡ്മാസ്റ്ററുടെ പൂർണ്ണ അധിക ചുമതല നൽകുവാൻ താങ്കൾക്ക് നിർദ്ദേശം നൽകുന്നു.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)
   കേരള, തിരുവനന്തപുരം
5. ഡി 4 സെക്ഷൻ
6. കരുതൽ ഫയൽ